# കുഴിമണ്ണ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail: www.dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.7/3016/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം

തിയ്യതി.17-12-2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

കുഴിമണ്ണ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുഴിമണ്ണ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തികവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം. നം.കെ.എസ്.എ.എം.പി.എം.7/3016/2016

തിയ്യതി:17-12-2016

മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2015 മുതൽ 25-10-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-----------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ.എസ്. ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ

-----------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 25-10-2016 മുതൽ 03-11-2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. അബ്ദുള്ള എ.സി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ. എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. രാമകൃഷ്ണൻ .ടി | ഓഡിറ്റർ |
| ശ്രീ. അബ്ദുസ്സലാം. പി | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. സുഹറ ടീച്ചർ | 01-04-2015 മുതൽ 31-10-2015വരെ |
| ശ്രീ. പി കെ മൂസ | 19-11-2015 മുതൽ 31-03-2016വരെ |

| | |
|---|---|
| അഡ്മിനിസ്ട്രേറ്റീവ് ഭരണം | 01-11-2015 മുതൽ 18-11-2015വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. ജെറാൾഡ് എം (ഇൻ ചാർജ്) | 01.04.2015 മുതൽ 20.06.2015 വരെ |
| ശ്രീ. കെ .സുമേഷ് (ഇൻ ചാർജ്) | 20.06.2015 മുതൽ 25.07.2015 വരെ |
| ശ്രീ. അഷറഫ്അലി .സി ടി (ഇൻ ചാർജ്) | 25.07.2015 മുതൽ 31.07.2015 വരെ |
| ശ്രീ. പി.ടി.അബ്ദുൾസലാം | 31.07.2015 മുതൽ 15.12.2015 വരെ |
| ശ്രീ. പി.പി. സുനിൽകുമാർ | 15.12.2015 മുതൽ 31.03.2016 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | vaccant | 01.04.2015മുതൽ 16.06.2015 വരെ |
| | ശ്രീ.സുമേഷ് .കെ | 17.06.2015മുതൽ 25.07.2015 വരെ |
| | ശ്രീ.പൗളിൻജോസഫ് | 18.08.2015മുതൽ 31.03.2016 വരെ |
| | vaccant | 26.07.2015മുതൽ 17.8.2015വരെ |
| കൃഷി ഓഫീസർ | ശ്രീ. ബാബു ഷക്കീർ | 01.04.2015മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. കെ.എസ്. കണ്ണൻ | 01.04.2015മുതൽ 31.03.2016 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. നിർമലകുമാരി | 01.04.2015മുതൽ 31.03.2016 വരെ |
| വി ഇ ഒ | ശ്രീ. കെ. മുജീബ് റഹ്മാൻ | 01.04.2015മുതൽ 31.03.2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. അബ്ദുസ്സമദ് | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ(പി എച്ച് സി ) | ഡോ. മർവ കുഞ്ഞീൻ | 01.04.2015മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. റിയാസ് | 01.04.2015മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. കെ .വി .മൂസ | 01.04.2015മുതൽ 31.03.2016 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | തറ വിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തു നികുതി നിർണ്ണയിച്ചില്ല - വരുമാന നഷ്ടം | 2-1 | |
| 13 | വരവ് ഇനങ്ങൾ പൊതു അപാകതകൾ | 2-2 | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 14 | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.സി) - അപാകതകൾ | 3-1 | |
| 15 | പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നടപടിക്രമങ്ങൾ പാലിക്കാത്തത് | 3-2 | |
| 16 | പട്ടികജാതി കോളനികളിൽ സോളാർലൈറ്റുകൾ സ്ഥാപിക്കൽ -ലക്ഷ്യപ്രാപ്തിയിലെത്തിയില്ല | 3-3 | |
| 17 | വികലാംഗക്ഷേമ പരിപാടി - വിശദാംശങ്ങൾ ലഭ്യമല്ല | 3-4 | |
| 18 | രോഗപ്രതിരോധപ്രവർത്തനങ്ങൾ - ചെലവുരേഖകൾ ലഭ്യമല്ല | 3-5 | |
| 19 | ദിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് ഫിസിയോതെറാപ്പി - വിശദാംശങ്ങൾ ലഭ്യമല്ല | 3-6 | |
| 20 | പരിരക്ഷാപദ്ധതി - അപാകതകൾ | 3-7 | |
| 21 | മരുന്നു വാങ്ങൽ -വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 3-8 | |
| 22 | ബജറ്റ് തയ്യാറാക്കൽ - അപാകതകൾ | 3-9 | |
| 23 | ചെലവുകൾക്ക് അനുബന്ധ രേഖകൾ ലഭ്യമല്ല. | 3-10 | |

| | | | |
|---|---|---|---|
| 24 | വെള്ളക്കരം അടവാക്കുന്നത് - രേഖകൾ ഇല്ല. | 3-11 | |
| 25 | എസ്.എസ്.എ പ്രൊജക്ട് - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല | 3-12 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 27 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 29 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 30 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 31 | ഓഡിറ്റ് റിക്കവറി | 4-6 | |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 പൊതു അവലോകനം

1-1. ബജറ്റ്

2015-16ലെ ബജറ്റ് 25.03.2015 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-07-2016 | 28-07-2016 | - | - |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 26-10-2016 മുതൽ 28-10-2016 വരെ | കെ.എസ്.എ-എം.പി.എം.7/3016 /2016/തീയതി |

അപാകതകൾ

1)2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 57,58,എന്നിവ പ്രകാരമുള്ള നടപടികൾ പൂർണ്ണമല്ല.

2)ധനകാര്യവർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

3)അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തി ബാദ്ധ്യത തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

4)വസ്തുനികുതി ഡിമാന്റ് ,കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

5)തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (വ്യാപാരികളുടെയും ജീവനക്കാരുടെയും),ഡി &ഒ ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തുകയും വാർഷികകണക്ക പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തമില്ല.

6). വൗച്ചർ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

7). മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ പദ്ധതിയുടെ വരവു ചെലവു കണക്കുകൾ വാർഷികകണക്കുമായി പൊരുത്തമില്ല.

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,47,69,998 |
| വരവ് | 3,96,61,708 |
| ആകെ | 6,44,31,706 |
| ചെലവ് | 5,42,72,373 |
| നീക്കിയിരുപ്പ് | 1,01,59,333 |

1-5 ഫണ്ട് വിനിയോഗം

2014-15

| ഫണ്ടിനം | മുൻ ബാക്കി | ട്രാൻസ്ഫർ ക്രഡിറ്റ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (സർക്കാർ പിൻവലിച്ചത്) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3019296 | 7103004 | 8957039 | 19079339 | 10122300 | 8957039 | 53 |
| വികസനഫണ്ട് എസ്.സി.പി. | 2317795 | -(2317795) | 5269000 | 5269000 | 4590277 | 678723 | 87 |
| വികസനഫണ്ട് ടി.എസ്.പി. | 9000 | -(9000) | -- | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 2741143 | 0 | 11602000 | 14343143 | 12967431 | 1375712 | 88 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 892481 | 0 | 2712000 | 3604481 | 3059344 | 545137 | 84 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3891662 | -(1979511) | 6706651 | 8618802 | 6196643 | 2422159 | 72 |
| പെർഫോമൻസ് ഗ്രാന്റ് | 2796698 | -(2796698) | 2796698 | 2796698 | 2791992 | 4706 | 99.83 |
| എം. ജി. എൻ. ആർ. ഇ. ജി. | 6577 | 0 | 13942807 | 13949384 | 13946444 | 2940 | 99.97 |

| | | | | | | | |
|---|---|---|---|---|---|---|---|
| എസ്. | | | | | | | |
| ബി ഫണ്ട് | 207360 | 0 | 27617570 | 27824930 | 27824930 | 0 | 100 |

1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 279 | 58342300 | 218 | 45516960 | 0 | 61 | 78 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

1-7 തനത് വരുമാനം.

2015-16

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 48% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | 2014-15 | 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 41,93,823 | 38,07,844 | 3,85,979 | (-)9.2 |
| നികുതിയേതര വരവുകൾ | 9,02,860 | 8,53,162 | 49,689 | (-)5.5 |
| മറ്റുവരവുകൾ | 1,27,230 | 7,936 | 1,19,296 | (-)93.76 |
| ആകെ | 52,23,919 | 46,68,942 | 5,54,977 | (-)10.62 |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2015-16 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്ക ളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 6,93,360 | 369 |
| കർഷകതൊഴിലാളി പെൻഷൻ | 50,55,030 | 633 |
| വിധവാപെൻഷൻ | 82,96,880 | 805 |
| വാർദ്ധക്യകാലപെൻഷൻ | 94,73,370 | 1092 |
| വികലാംഗപെൻഷൻ | 37,46,570 | 346 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 2,32,360 | 20 |
| വിവാഹ ധനസഹായം | 1,20,000 | 6 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

25-10-2016ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 26134 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

സർക്കാർഉത്തരവ് 177/2006 ഫിൻ തിയ്യതി 12.04.2006 പ്രകാരം നിർവഹണോദ്യോഗസ്ഥർ TR7 A കാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം. തദ്ധേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി-IV) സൂക്ഷിക്കണം. കൂടാതെ സെക്രട്ടറിയും, നിർവഹണ ഉദ്യഗസ്ഥരും അനുബന്ധം ബി-V ൽ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കണം. ആയത് പാലിക്കേണ്ടതാണ്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പേര്, കാലയളവ്, മേൽവിലാസം എന്നിവ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇംക്യംബൻസി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പൂർണ്ണമല്ല. രജിസ്റ്ററുകൾ, രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകളിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04-04-2016 മുതൽ 08-04-2016 | 08 / 2015 | 30-09-2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16-03-2011 മുതൽ 28-03-2011 വരെ | 2005-06 മുതൽ 2009-10 വരെ | 16-05-2011 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തറ വിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തു നികുതി നിർണ്ണയിച്ചില്ല - വരുമാന നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3(4) പ്രകാരം ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നൽകിയിട്ടുണ്ടെങ്കിലോ, ഓരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണ്.

എന്നാൽ കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറവിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറവിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ വസ്തു നികുതി ചുമത്തേണ്ടതാണ്.

എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വസ്തു നികുതി നിർണ്ണയം പരിശോധിച്ചതിൽ കെട്ടിടത്തിൽ പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുള്ള ഭാഗത്തിന്റെ തറവിസ്തീർണ്ണം വസ്തു നികുതി നിർണ്ണയത്തിന് കണക്കിലെടുത്തിട്ടില്ലാത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

I) ശ്രീ. കരീക്കുന്നൻ മോന്തീൻ ഹാജി, പുല്ലുതൊട്ടുവിൽ, നീരുട്ടിക്കൽ

| Floor | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | വസ്തു നികുതി നിർണ്ണയം | | | നിർണ്ണയിച്ച തുക | | |
|---|---|---|---|---|---|---|---|---|
| | | | അടിസ്ഥാന നികുതി @30 | ഇളവ് | വർധന 20% | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ |
| ഗ്രൗണ്ട് ഫ്ലോർ | 2/445 A | 10.5 m2 | 315 | 0 | 63 | 378 | 19 | 397 |
| | 2/445 B | 10.5 m2 | 315 | 0 | 63 | 378 | 19 | 397 |
| | 2/445 C | 10.5 m2 | 315 | 0 | 63 | 378 | 19 | 397 |
| ആകെ | | 31.5 m2 | | | | 1134 | 57 | 1191 |

എന്നാൽ അംഗീകൃത കംപ്ലീഷൻ പ്ലാൻ പ്രകാരം ഗ്രൗണ്ട് ഫ്ലോറിന്റെ ആകെ തറ വിസ്തീർണ്ണം 48.26 m2 ആണ്. ആയതിനാൽ വസ്തു നികുതി ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| തറ വിസ്തീർണ്ണം | | | വസ്തു നികുതി നിർണ്ണയം | | വസ്തു നികുതി ഇനത്തിൽ കുറവ് | | |
|---|---|---|---|---|---|---|---|
| കംപ്ലീഷൻ പ്ലാൻ പ്രകാരം | നിർണ്ണയിച്ചത് | കുറവ് | അടിസ്ഥാന നികുതി @30 | വർധന 20% | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ |
| 48.26 m2 | 31.5 m2 | 16.76 m2 | 502.8 | 100.56 | 603 | 30 | 633 |

II) ശ്രീ. മേച്ചീരി ഉമ്മർ ഹാജി, അങ്ങാടിപ്പറമ്പ്, ചിറപ്പാലം

| Floor | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | വസ്തു നികുതി നിർണ്ണയം | | | നിർണ്ണയിച്ച തുക | | |
|---|---|---|---|---|---|---|---|---|
| | | | അടിസ്ഥാന നികുതി @30 | ഇളവ് 10% | വർധന | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ |
| ഗ്രൗണ്ട് ഫ്ലോർ | 6/245 C | 12.9 m2 | 387 | 38.7 | 0 | 349 | 18 | 367 |
| | 6/245 D | 12.9 m2 | 387 | 38.7 | 0 | 349 | 18 | 367 |
| | 6/245 E | 12.9 m2 | 387 | 38.7 | 0 | 349 | 18 | 367 |
| | 6/245 F | 13.33 m2 | 399 | 39.9 | 0 | 360 | 18 | 378 |
| | 6/245 G | 12.9 m2 | 387 | 38.7 | 0 | 349 | 18 | 367 |
| ആകെ | | 64.93 m2 | | | | 1756 | 90 | 1846 |

എന്നാൽ അംഗീകൃത കംപ്ലീഷൻ പ്ലാൻ പ്രകാരം ഗ്രൗണ്ട് ഫ്ലോറിന്റെ ആകെ തറ വിസ്തീർണ്ണം 75.43 m2 ആണ്. ആയതിനാൽ വസ്തു നികുതി ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| തറ വിസ്തീർണ്ണം | | | വസ്തു നികുതി നിർണ്ണയം | | വസ്തു നികുതി ഇനത്തിൽ കുറവ് | | |
|---|---|---|---|---|---|---|---|
| കംപ്ലീഷൻ പ്ലാൻ പ്രകാരം | നിർണ്ണയിച്ചത് | കുറവ് | അടിസ്ഥാന നികുതി @30 | ഇളവ് 10% | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ |
| 75.43 m2 | 64.93 m2 | 10.5 m2 | 315 | 31.5 | 284 | 14 | 298 |

III) ശ്രീ. പൈക്കാട്ടുചാലി മുഹമ്മദ് ഷാ, ചാളകണ്ടി, കിഴിശ്ശേരി

| Floor | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | വസ്തു നികുതി നിർണ്ണയം | | | നിർണ്ണയിച്ച തുക | | |
|---|---|---|---|---|---|---|---|---|
| | | | അടിസ്ഥാന | ഇളവ് | വർധന | വസ്തു | ലൈബ്രറി | ആകെ |

| | | | നികുതി @30 | 10% | | നികുതി | സെസ്സ് | |
|---|---|---|---|---|---|---|---|---|
| ഗ്രൗണ്ട് ഫ്ലോർ | 1/440 A | 26.4 m2 | 792 | 79.2 | 0 | 713 | 36 | 749 |
| | 1/440 B | 14.88 m2 | 446 | 44.6 | 0 | 402 | 21 | 423 |
| | 1/440 C | 14.88 m2 | 446 | 44.6 | 0 | 402 | 21 | 423 |
| | 1/440 D | 14.88 m2 | 446 | 44.6 | 0 | 402 | 21 | 423 |
| ആകെ | | 71.04 m2 | | | | 1919 | 99 | 2018 |

എന്നാൽ അംഗീകൃത കംപ്ലീഷൻ പ്ലാൻ പ്രകാരം ഗ്രൗണ്ട് ഫ്ലോറിന്റെ ആകെ തറ വിസ്തീർണ്ണം 122.46 m2 ആണ്. ആയതിനാൽ വസ്തു നികുതി ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| തറ വിസ്തീർണ്ണം | | | വസ്തു നികുതി നിർണ്ണയം | | വസ്തു നികുതി ഇനത്തിൽ കുറവ് | | |
|---|---|---|---|---|---|---|---|
| കംപ്ലീഷൻ പ്ലാൻ പ്രകാരം | നിർണ്ണയിച്ചത് | കുറവ് | അടിസ്ഥാന നികുതി @30 | ഇളവ് 10% | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ |
| 122.46 m2 | 71.04 m2 | 51.42 m2 | 1543 | 154 | 1389 | 69 | 1458 |

IV) ശ്രീ. തച്ചപ്പറമ്പൻ മുഹമ്മദ് ഷാഫി, കണ്ടോളത്ത്, കിഴിശ്ശേരി

| Floor | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | വസ്തു നികുതി നിർണ്ണയം | | | നിർണ്ണയിച്ച തുക | | |
|---|---|---|---|---|---|---|---|---|
| | | | അടിസ്ഥാന നികുതി @30 | ഇളവ് | വർധന 20% | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ |
| ഗ്രൗണ്ട് ഫ്ലോർ | 16/1040 A | 34.8 m2 | 1044 | 0 | 208.8 | 1253 | 63 | 1316 |
| | 16/1040 B | 28.8 m2 | 864 | 0 | 172.8 | 1037 | 52 | 1089 |
| | 16/1040 C | 24.8 m2 | 744 | 0 | 148.8 | 893 | 45 | 938 |
| | 16/1040 D | 13.57 m2 | 407 | 0 | 81.4 | 489 | 25 | 514 |
| ആകെ | | 101.97 m2 | | | | 3672 | 185 | 3857 |

എന്നാൽ അംഗീകൃത കംപ്ലീഷൻ പ്ലാൻ പ്രകാരം ഗ്രൗണ്ട് ഫ്ലോറിന്റെ ആകെ തറ വിസ്തീർണ്ണം 110.39 m2 ആണ്. ആയതിനാൽ വസ്തു നികുതി ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| തറ വിസ്തീർണ്ണം | | | വസ്തു നികുതി നിർണ്ണയം | | വസ്തു നികുതി ഇനത്തിൽ കുറവ് | | |
|---|---|---|---|---|---|---|---|
| കംപ്ലീഷൻ പ്ലാൻ പ്രകാരം | നിർണ്ണയിച്ചത് | കുറവ് | അടിസ്ഥാന നികുതി @30 | വർധന 20% | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ |
| 110.39 m2 | 101.97 m2 | 8.42 m2 | 253 | 51 | 304 | 15 | 319 |

V) ശ്രീ. ഫാത്തിമ സജ്ന, മേച്ചേരി, ആയിഷ വില്ല, തനിയംപുറം.

| Floor | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | വസ്തു നികുതി നിർണ്ണയം | | | നിർണ്ണയിച്ച തുക | | |
|---|---|---|---|---|---|---|---|---|
| | | | അടിസ്ഥാന നികുതി @30 | ഇളവ് 5% | വർധന 20% | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ |
| ഗ്രൗണ്ട് | 16/401 A | 14.43 m2 | 433 | 0 | 86.5 | 520 | 26 | 546 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ഫ്ലോർ | 16/401 B | 13.1 m2 | 393 | 0 | 78.6 | 472 | 24 | 496 |
| | 16/401 C | 13.1 m2 | 393 | 0 | 78.6 | 472 | 24 | 496 |
| | 16/401 D | 37.45 m2 | 1124 | 0 | 224.7 | 1349 | 68 | 1417 |
| ആകെ GF | | 78.08 m2 | | | | 2813 | 142 | 2955 |
| ഫസ്റ്റ് ഫ്ലോർ | 16/401 E | 14.43 m2 | 433 | 26 | 86.5 | 494 | 25 | 519 |
| | 16/401 F | 13.1 m2 | 393 | 23.6 | 78.6 | 449 | 23 | 472 |
| | 16/401 G | 13.1 m2 | 393 | 23.6 | 78.6 | 449 | 23 | 472 |
| ആകെ FF | | 40.63 m2 | | | | 1392 | 71 | 1463 |
| ആകെ | | 118.71m2 | | | | 4205 | 213 | 4418 |

എന്നാൽ അംഗീകൃത കംപ്ലീഷൻ പ്ലാൻ പ്രകാരം ആകെ തറ വിസ്തീർണ്ണം 293.24 m2 ആണ്.(സെല്ലാർ, ടെറസ് ഒഴികെ) ആയതിനാൽ വസ്തു നികുതി ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| Floor | തറ വിസ്തീർണ്ണം | | | വസ്തു നികുതി നിർണ്ണയം | | | വസ്തു നികുതി ഇനത്തിൽ കുറവ് | | |
|---|---|---|---|---|---|---|---|---|---|
| | കംപ്ലീഷൻ പ്ലാൻ പ്രകാരം | നിർണ്ണയിച്ചത് | കുറവ് | അടിസ്ഥാന നികുതി @30 | ഇളവ് 5% | വർധന 20% | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ |
| GF | 139.29 m2 | 78.08 m2 | 61.21 m2 | 1836 | 0 | 367 | 2203 | 110 | 2313 |
| FF | 153.95 m2 | 40.63m2 | 113.32 m2 | 3400 | 204 | 680 | 3876 | 194 | 4070 |
| Total | 293.24 m2 | 118.71 m2 | 174.43 m2 | | | | 6079 | 304 | 6383 |

VI) ശ്രീ. പുല്ലപറമ്പൻ ഹുസൈൻ, കല്ലറംകെട്ടിയിൽ, മുണ്ടംപറമ്പ്.

| Floor | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | വസ്തു നികുതി നിർണ്ണയം | | | നിർണ്ണയിച്ച തുക | | |
|---|---|---|---|---|---|---|---|---|
| | | | അടിസ്ഥാന നികുതി @30 | ഇളവ് 5% | വർധന 20% | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ |
| ഗ്രൗണ്ട് ഫ്ലോർ | 4/60 A | 12.325 m2 | 370 | 0 | 73.9 | 444 | 23 | 467 |
| | 4/60 B | 12.325 m2 | 370 | 0 | 73.9 | 444 | 23 | 467 |
| | 4/60 C | 12.75 m2 | 382.5 | 0 | 76.5 | 459 | 23 | 482 |
| ആകെ GF | | 37.4 m2 | | | | 1347 | 69 | 1416 |
| ഫസ്റ്റ് ഫ്ലോർ | 4/60 D | 17.257 m2 | 518 | 31 | 103.5 | 591 | 30 | 621 |
| | 4/60 E | 12.325 m2 | 370 | 22 | 74 | 422 | 22 | 444 |
| | 4/60 F | 12.325 m2 | 370 | 22 | 74 | 422 | 22 | 444 |
| | 4/60 G | 12.75 m2 | 383 | 23 | 77 | 437 | 22 | 459 |
| ആകെ FF | | 54.657 m2 | | | | 1872 | 96 | 1968 |
| ആകെ | | 118.71m2 | | | | 3219 | 165 | 3384 |

എന്നാൽ അംഗീകൃത കംപ്ലീഷൻ പ്ലാൻ പ്രകാരം ആകെ തറ വിസ്തീർണ്ണം 161.84 m2 ആണ്.(സെക്കന്റ് ഫ്ലോർ ഒഴികെ) ആയതിനാൽ വസ്തു നികുതി ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| Floor | തറ വിസ്തീർണ്ണം | | | വസ്തു നികുതി നിർണ്ണയം | | | വസ്തു നികുതി ഇനത്തിൽ കുറവ് | | |
|---|---|---|---|---|---|---|---|---|---|
| | കംപ്ലീഷൻ പ്ലാൻ പ്രകാരം | നിർണ്ണയിച്ചത് | കുറവ് | അടിസ്ഥാന നികുതി @30 | ഇളവ് 5% | വർധന 20% | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ |
| GF | 57.89 m2 | 37.4 m2 | 20.49 m2 | 615 | 0 | 123 | 738 | 37 | 775 |
| FF | 103.95 m2 | 54.657m2 | 49.293 m2 | 1479 | 89 | 296 | 1686 | 84 | 1770 |
| Total | 161.84 m2 | 92.057 m2 | 69.783 m2 | | | | 2424 | 121 | 2545 |

VII) ശ്രീ. കോട്ട മുഹമ്മദാജി, ചെറുപറമ്പിൽ, കുഴിമണ്ണ.

| Floor | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | വസ്തു നികുതി നിർണ്ണയം | | | നിർണ്ണയിച്ച തുക | | |
|---|---|---|---|---|---|---|---|---|
| | | | അടിസ്ഥാന നികുതി @50/30 | ഇളവ് 5% | വർധന 20% | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ |
| ഗ്രൗണ്ട് ഫ്ലോർ | 16/979 A | 16.8 m2 | 840 | 0 | 168 | 1008 | 51 | 1059 |
| | 16/979 B | 27 m2 | 810 | 0 | 162 | 972 | 49 | 1021 |
| | 16/979 C | 60.65 m2 | 1819.5 | 0 | 363.9 | 2184 | 110 | 2294 |
| | 16/979 D | 60.65 m2 | 1819.5 | 0 | 363.9 | 2184 | 110 | 2294 |
| ആകെ GF | | 165.1 m2 | | | | 6348 | 320 | 6668 |
| ഫസ്റ്റ് ഫ്ലോർ | 16/979 E | 79.92 m2 | 2398 | 144 | 547.6 | 2735 | 137 | 2872 |
| | 16/979 F | 79.92 m2 | 2398 | 144 | 547.6 | 2735 | 137 | 2872 |
| ആകെ FF | | 159.84 m2 | | | | 5470 | 274 | 5744 |
| ആകെ | | 324.94m2 | | | | 11818 | 594 | 12412 |

എന്നാൽ അംഗീകൃത കംപ്ലീഷൻ പ്ലാൻ പ്രകാരം ആകെ തറ വിസ്തീർണ്ണം 359.4 m2 ആണ്. ആയതിനാൽ വസ്തു നികുതി ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| Floor | തറ വിസ്തീർണ്ണം | | | വസ്തു നികുതി നിർണ്ണയം | | | വസ്തു നികുതി ഇനത്തിൽ കുറവ് | | |
|---|---|---|---|---|---|---|---|---|---|
| | കംപ്ലീഷൻ പ്ലാൻ പ്രകാരം | നിർണ്ണയിച്ചത് | കുറവ് | അടിസ്ഥാന നികുതി @30 | ഇളവ് 5% | വർധന 20% | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ |
| GF | 172.62 m2 | 165.1m2 | 7.5 m2 | 225 | 0 | 90 | 315 | 16 | 331 |
| FF | 186.78 m2 | 159.84m2 | 26.94 m2 | 808 | 121 | 1612 | 2299 | 115 | 2414 |
| Total | 359.4 m2 | 324.94 m2 | 174.43 | | | | 2614 | 131 | 2475 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | m2 | | | | | | |

VIII) ശ്രീ. മൊയ്തീൻ ഹാജി മനയിൽ, ചോയക്കാട്ട്, കിഴിശ്ശേരി

| Floor | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | വസ്തു നികുതി നിർണ്ണയം | | | നിർണ്ണയിച്ച തുക | | |
|---|---|---|---|---|---|---|---|---|
| | | | അടിസ്ഥാന നികുതി @30 | ഇളവ് 5% | വർധന 20% | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ |
| ഗ്രൗണ്ട് ഫ്ലോർ | 16/283 A | 19.5 m2 | 571.5 | 0 | 114 | 686 | 35 | 721 |
| | 16/283 B | 16.6 m2 | 498 | 0 | 99.6 | 598 | 30 | 628 |
| | 16/283 C | 15.45 m2 | 463.5 | 0 | 92.7 | 557 | 28 | 585 |
| | 16/283 D | 14.4 m2 | 432 | 0 | 86 | 519 | 26 | 545 |
| | 16/283 E | 14.4 m2 | 432 | 0 | 86 | 519 | 26 | 545 |
| | 16/283 F | 14.4 m2 | 432 | 0 | 86 | 519 | 26 | 545 |
| | 16/283 G | 14.4 m2 | 432 | 0 | 86 | 519 | 26 | 545 |
| | 16/283 H | 14.4 m2 | 432 | 0 | 86 | 519 | 26 | 545 |
| | 16/283 I | 31.5 m2 | 945 | 0 | 189 | 1134 | 57 | 1191 |
| | 16/283 J | 31.5 m2 | 945 | 0 | 189 | 1134 | 57 | 1191 |
| | 16/283 K | 31.5 m2 | 945 | 0 | 189 | 1134 | 57 | 1191 |
| ആകെ GF | | 218.05 m2 | | | | 7838 | 394 | 8232 |

എന്നാൽ അംഗീകൃത കംപ്ലീഷൻ പ്ലാൻ പ്രകാരം ഗ്രൗണ്ട് ഫ്ലോറിന്റെ ആകെ തറ വിസ്തീർണ്ണം 261.23 m2 ആണ്. ആയതിനാൽ വസ്തു നികുതി ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| Floor | തറ വിസ്തീർണ്ണം | | | വസ്തു നികുതി നിർണ്ണയം | | | വസ്തു നികുതി ഇനത്തിൽ കുറവ് | | |
|---|---|---|---|---|---|---|---|---|---|
| | കംപ്ലീഷൻ പ്ലാൻ പ്രകാരം | നിർണ്ണയിച്ചത് | കുറവ് | അടിസ്ഥാന നികുതി @30 | ഇളവ് 5% | വർധന 20% | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ |
| GF | 261.23 m2 | 218.05m2 | 43.18 m2 | 1295 | 0 | 259 | 1554 | 78 | 1632 |

IX) ശ്രീ. മുസ്തഫ മണ്ണിൽതൊടി, കുണ്ടോടിയിൽ, പേങ്ങാട്ടുപുറായ

| Floor | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | വസ്തു നികുതി നിർണ്ണയം | | | നിർണ്ണയിച്ച തുക | | |
|---|---|---|---|---|---|---|---|---|
| | | | അടിസ്ഥാന നികുതി @50/30 | ഇളവ് 5% | വർധന 20% | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ |
| ഗ്രൗണ്ട് ഫ്ലോർ | 2/209 D | 21.58 m2 | 647 | 0 | 129 | 777 | 39 | 816 |
| | 2/209 E | 19.5 m2 | 585 | 0 | 117 | 702 | 36 | 738 |
| | 2/209 F | 73.3 m2 | 2199 | 0 | 440 | 2639 | 132 | 2771 |
| ആകെ GF | | 114.38 m2 | | | | 4118 | 207 | 4325 |
| ഫസ്റ്റ് | 2/209 F | 21.58 m2 | 647 | 39 | 129 | 739 | 37 | 776 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ഫ്ലോർ | 2/209 H | 128.27 m2 | 6414 | 385 | 1283 | 7313 | 366 | 7679 |
| ആകെ FF | | 149.85 m2 | | | | 8052 | 403 | 8455 |
| ആകെ | | 264.23m2 | | | | 12170 | 610 | 12780 |

എന്നാൽ അംഗീകൃത കംപ്ലീഷൻ പ്ലാൻ പ്രകാരം ആകെ തറ വിസ്തീർണ്ണം 348.67 m2 (ടെറസ് ഒഴികെ) ആണ്. ആയതിനാൽ വസ്തു നികുതി ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| Floor | തറ വിസ്തീർണ്ണം | | | വസ്തു നികുതി നിർണ്ണയം | | | വസ്തു നികുതി ഇനത്തിൽ കുറവ് | | |
|---|---|---|---|---|---|---|---|---|---|
| | കംപ്ലീഷൻ പ്ലാൻ പ്രകാരം | നിർണ്ണയിച്ചത് | കുറവ് | അടിസ്ഥാന നികുതി @30 | ഇളവ് 5% | വർധന 20% | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ |
| GF | 152.94 m2 | 114.38m2 | 38.56 m2 | 1157 | 0 | 231 | 1388 | 69 | 1457 |
| FF | 195.43 m2 | 149.85m2 | 45.58 m2 | 1367 | 82 | 273 | 1558 | 78 | 1636 |
| Total | 264.23 m2 | 324.94 m2 | 174.43 m2 | | | | 2946 | 147 | 3093 |

X) ശ്രീ. മോദി താന്നിപ്പറ്റ, നീരുട്ടിക്കൽ

| Floor | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | വസ്തു നികുതി നിർണ്ണയം | | | നിർണ്ണയിച്ച തുക | | |
|---|---|---|---|---|---|---|---|---|
| | | | അടിസ്ഥാന നികുതി @30 | ഇളവ് 5% | വർധന 20% | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ |
| ഗ്രൗണ്ട് ഫ്ലോർ | 3/164 B | 12 m2 | 360 | 0 | 72 | 432 | 22 | 454 |
| | 3/164 C | 12 m2 | 360 | 0 | 72 | 432 | 22 | 454 |
| | 3/164 D | 30.9 m2 | 927 | 0 | 185 | 1113 | 56 | 1169 |
| | 3/164 E | 9.9 m2 | 297 | 0 | 59 | 297 | 15 | 312 |
| | 3/164 F | 10.2 m2 | 306 | 0 | 61 | 368 | 19 | 387 |
| | 3/164 G | 27 m2 | 810 | 0 | 162 | 972 | 49 | 1021 |
| | 3/164 H | 13.8 m2 | 414 | 0 | 83 | 497 | 25 | 522 |
| ആകെ GF | | 115.8 m2 | | | | 4111 | 208 | 4319 |
| ഫസ്റ്റ് ഫ്ലോർ | 3/164 I | 12 m2 | 360 | 22 | 72 | 411 | 21 | 432 |
| | 3/164 J | 12 m2 | 360 | 22 | 72 | 411 | 21 | 432 |
| | 3/164 K | 30.9 m2 | 927 | 56 | 185 | 1058 | 53 | 1111 |
| ആകെ FF | | 54.9 m2 | | | | 1880 | 95 | 1975 |
| ആകെ | | 264.23m2 | | | | 5991 | 303 | 6294 |

എന്നാൽ അംഗീകൃത കംപ്ലീഷൻ പ്ലാൻ പ്രകാരം ആകെ തറ വിസ്തീർണ്ണം 231.86 m2 (സെകന്റ് ഫ്ലോർ ഒഴികെ) ആണ്. ആയതിനാൽ വസ്തു നികുതി ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| Floor | തറ വിസ്തീർണ്ണം | വസ്തു നികുതി നിർണ്ണയം | വസ്തു നികുതി ഇനത്തിൽ |
|---|---|---|---|

| | | | | | | | കുറവ് | | |
|---|---|---|---|---|---|---|---|---|---|
| | കംപ്ലീഷൻ പ്ലാൻ പ്രകാരം | നിർണ്ണയിച്ചത് | കുറവ് | അടിസ്ഥാന നികുതി @30 | ഇളവ് 5% | വർധന 20% | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ |
| GF | 141.4 m2 | 115.8m2 | 25.6m2 | 768 | 0 | 154 | 922 | 46 | 968 |
| FF | 90.46 m2 | 54.9m2 | 35.56m2 | 1067 | 64 | 213 | 1216 | 61 | 1277 |
| Total | 231.86 m2 | 170.7 m2 | 61.16 m2 | | | | 2138 | 107 | 2245 |

മുകളിൽ ചേർത്ത മുഴുവൻ നികുതി ദായകരുടെയും നികുതി അസസ് ചെയ്ത് ഡിമാന്റ് ചെയ്തിരിക്കുന്നത് 'സഞ്ചയ' യിൽ 2013-14 ഒന്നാം അർധവർഷംമുതലാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 2/31-10-2016) പഞ്ചായത്ത് നൽകിയ മറുപടിയിൽ മേൽ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചതും, നികുതി ഡിമാന്റ് ചെയ്തതും 2015-16 വർഷം മുതലാണെന്നും 'സഞ്ചയ' യിൽ സാങ്കേതിക തകരാറുള്ളതു മൂലമാണ് 2013-14 എന്നത് തെറ്റായി വന്നത് എന്നുമറിയിച്ചു. അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

അംഗീകൃത കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ളതും, ഓവർസിയർ/അസി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതുമായ തറ വിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തു നികുതി ഈടാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് വൻ വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ചത് ഏതാനും ചില ഉദാഹരണങ്ങൾ മാത്രമാണ്. 2015-16 വർഷത്തിൽ നികുതി നിർണ്ണയം നടത്തിയ മുഴുവൻ ഫയലുകളിലും (മുൻ വർഷങ്ങളിൽ ഉണ്ടെങ്കിൽ ആയതും) വിശദമായ പരിശോധന നടത്തി അംഗീകൃത കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള തറ വിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തുനികുതി പുനർ നിർണ്ണയിച്ച്, നഷ്ടം ഈടാക്കി, ഡിമാന്റ് രജിസ്റ്ററുകളിൽ ആവശ്യമായ മാറ്റം വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മുകളിൽ സൂചിപ്പിച്ച നികുതിദായകരിൽനിന്ന് 2015-16, 2016-17 വർഷത്തേക്ക് ചുവടെ ചേർക്കും പ്രകാരം വസ്തുനികുതി ഇനത്തിൽ കുറവ് വന്നിട്ടുണ്ട്.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | 2015-16 | | 2016-17 | | ആകെ കുറവ് | | |
|---|---|---|---|---|---|---|---|---|
| | | വസ്തുനികുതി | ലൈബ്രറി സെസ്സ് | വസ്തുനികുതി | ലൈബ്രറി സെസ്സ് | വസ്തുനികുതി | ലൈബ്രറി സെസ്സ് | ആകെ കുറവ് |
| I | ശ്രീ. കരീക്കുന്നൻ മോന്തീൻ ഹാജി, പുല്ലുതൊട്ടുവിൽ, നീരുട്ടിക്കൽ | 603 | 30 | 603 | 30 | 1206 | 60 | 1266 |
| II | ശ്രീ. മേച്ചീരി ഉമ്മർ ഹാജി, അങ്ങാടിപ്പറമ്പ്, ചിറപ്പാലം | 284 | 14 | 284 | 14 | 568 | 28 | 596 |
| III | ശ്രീ. പൈക്കാട്ടുചാലി മുഹമ്മദ് ഷാ, ചാളകണ്ടി, കിഴിശ്ശേരി | 1389 | 69 | 1389 | 69 | 2778 | 138 | 2916 |
| IV | ശ്രീ. തച്ചപ്പറമ്പൻ മുഹമ്മദ് ഷാഫി, കണ്ടോളത്ത്, | 304 | 15 | 304 | 15 | 608 | 30 | 638 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | കിഴിശ്ശേരി | | | | | | | |
| V | ശ്രീ. ഫാത്തിമ സജ്‌ന, മേച്ചേരി, ആയിഷ വില്ല, തനിയംപുറം. | 6079 | 304 | 6079 | 304 | 12158 | 608 | 12766 |
| VI | ശ്രീ. പുല്ലപറമ്പൻ ഹുസൈൻ, കല്ലറംകെട്ടിയിൽ, മുണ്ടംപറമ്പ്. | 2424 | 121 | 2424 | 121 | 4848 | 242 | 5090 |
| VII | ശ്രീ. കോട്ട മുഹമ്മദാജി, ചെറുപറമ്പിൽ, കുഴിമണ്ണ | 2614 | 131 | 2614 | 131 | 5228 | 262 | 5490 |
| VIII | ശ്രീ. മൊയ്തീൻ ഹാജി മനയിൽ, ചോയക്കാട്ട്, കിഴിശ്ശേരി | 1554 | 78 | 1554 | 78 | 3108 | 156 | 3264 |
| IX | ശ്രീ. മുസ്തഫ മണ്ണിൽതൊടി, കുണ്ടോടിയിൽ, പേങ്ങാട്ടുപുറായ | 2946 | 147 | 2946 | 147 | 5892 | 294 | 6186 |
| X | ശ്രീ. മോദി താന്നിപ്പറ്റ, നീരുട്ടിക്കൽ | 2138 | 107 | 2138 | 107 | 4276 | 214 | 4490 |
| ആകെ | | | | | | 40670 | 2032 | 42702 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി നൽകിയ മറുപടിയിൽ നികുതി കുറവായി നിർണ്ണയിച്ചതിന് ഡാറ്റാ എൻട്രി നടത്തിയ സെക്ഷൻ ക്ലർക്ക്, വേരിഫൈ ചെയ്യുന്ന ഉദ്യോഗസ്ഥൻ, അപ്രൂവ് ചെയ്യുന്ന സെക്രട്ടറി എന്നിവർക്ക് ഉത്തരവാദിത്തമുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പരാമർശ കാലയളവിലെ ഓഫീസ് ഉത്തരവ് പരിശോധിച്ചതിൽ ഇതു സംബന്ധിച്ച വ്യക്തമായ ഉത്തരവ് ലഭ്യമായില്ല. വ്യക്തമായ ഓഫീസ് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുന്നത് വരെ നികുതി ഇനത്തിൽ കുറവ് വന്ന 42702 രൂപ സെക്രട്ടറിയുടെ ബാധ്യതയായി നിശ്ചയിക്കുന്നു.

## 2-2 വരവ് ഇനങ്ങൾ പൊതു അപാകതകൾ

റസീറ്റ് ബുക്ക് സ്റ്റോക്ക് രജിസ്റ്റർ

സാംഖ്യ കാഷ് റസീറ്റുകളുടെ വിവരം പൂർണ്ണമായും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 2015-16 ൽ കാഷ് റസീറ്റുകൾ ഇഷ്യൂ കാണിച്ചിട്ടുണ്ടെങ്കിലും നീക്കി ബാക്കി വിവരം രേഖപ്പെടുത്തിയിട്ടില്ല. 8378799 മുതൽ 8378900 വരെയുള്ള സാംഖ്യ രശീതികൾ വിതരണം ചെയ്തതിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ക്യാഷ് റസീറ്റുകളുടെയും, സൂചിക റസീറ്റുകളുടെയും സ്റ്റോക്ക് വിവരം ഇടകലർത്തിയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മാന്വുവൽ, സാംഖ്യ ക്യാഷ്, സൂചിക റസീറ്റുകളുടെ വിവരം പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ, ഒരു രജിസ്റ്ററിൽ ഇൻഡക്സ് നൽകി പ്രത്യേക ഭാഗത്ത് രേഖപ്പെടുത്തുകയോ ചെയ്യേണ്ടതാണ്.

ഡി & ഒ ലൈസൻസ് ഫീ

2014-15 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീ ഇനത്തിൽ 73250 രൂപ വരവ് ഉണ്ടായിരുന്നെങ്കിലും, 2015-16 വർഷത്തിൽ 54940 രൂപയായി കുറയുകയാണ് ചെയ്തത്. മുൻ വർഷത്തെ അപേക്ഷിച്ച് 18310 രൂപയാണ് ലൈസൻസ് ഇനത്തിൽ മാത്രം കുറവ്. വരവ് ഇനങ്ങൾ കൃത്യമായി പിരിച്ചെടുക്കുന്നതിലെ അനാസ്ഥയാണ് ഇത് കാണിക്കുന്നത്.

വിനോദ നികുതി

ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഒരു തിയേറ്ററിൽ നിന്നാണ് വിനോദ നികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് വരവ്. 2015-16 വർഷത്തെ ഇതു സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ദിനേന 3 ഷോകൾ നടക്കുന്ന തിയേറ്ററിൽ ഓരോ ഷോക്കും ശരാശരി 10 ൽ താഴെ കാണികൾ മാത്രമാണ് ഉള്ളത് എന്ന് മനസ്സിലാവുന്നു. നിജസ്ഥിതി പരിശോധിക്കേണ്ടതും, ഇടവേളകളിൽ ഷോ നടക്കുന്ന സമയത്ത് പരിശോധന നടത്തേണ്ടതാണ്.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി അടക്കുവാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച സ്ഥാപന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. കെ.എസ്.ഇ.ബി യെ പോലുള്ള സ്ഥാപനങ്ങളെ സ്ഥാപന തൊഴിൽ നികുതി അടക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടില്ലെങ്കിലും, ആയത് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

ബിൽഡിംഗ് പെർമിറ്റ്

ബിൽഡിംഗ് പെർമിറ്റ് ഫീ രജിസ്റ്റർ മുഴുവൻ കോളങ്ങളും രേഖപ്പെടുത്തി പൂർത്തീകരിച്ചിട്ടില്ല. പെർമിറ്റ് ഫീ ഫയൽ സൂക്ഷിക്കുന്നതിൽ കൃത്യ നിഷ്ഠത പുലർത്തുന്നില്ല.

കെട്ടിട നികുതി

കെട്ടിട നികുതി നിർണ്ണയം ചട്ടപ്രകാരമല്ല. വിശദ വിവരം ഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്. കെട്ടിട നികുതി ഡിമാന്റ്, അരിയർ ഡിമാന്റ്, അസസ്മെന്റ് രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കെട്ടിട നികുതി നിർണ്ണയ ഫയലുകളിൽ സെക്ഷൻ ക്ലർക്കുമാർ വ്യക്തമായ വിവരം രേഖപ്പെടുത്തുകയോ, കെട്ടിട നികുതി വിജ്ഞാപന പ്രകാരമുള്ള നികുതി നിർണ്ണയിച്ചതിന്റെ വിശദ വിവരം ഫയലിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. സഞ്ചയയിൽ രേഖപ്പെടുത്തിയ വിവരങ്ങളുടെ ആധികാരികത പരിശോധിക്കുവാൻ സാധിക്കാത്തതിനാൽ കെട്ടിട നികുതി നിർണ്ണയത്തിൽ അപാകത വന്നിട്ടുണ്ട്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.സി) - അപാകതകൾ

2015-16 വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ 14/16 പ്രൊജക്റ്റ് പ്രകാരം പഞ്ചായത്തിലെ 4 , 7 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്നതിന് ₹ 45900 ചെലവഴിച്ചിട്ടുണ്ട്. (ബിൽ നമ്പർ 4/2015-16 തി 18.03.2016 )

പഞ്ചായത്തിലെ സ്കൂളുകളിൽ നിന്ന് 4, 7 ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതിക്കാരായ വിദ്യാർത്ഥികളിൽ അർദ്ധവാർഷിക പരീക്ഷയിൽ ഉയർന്ന മാർക്ക് നേടിയ നാല് കുട്ടികൾക്ക് വീതം ധനസഹായം നൽകുന്നതിനാണ് പണം ചെലവഴിച്ചത്.

പ്രൊജക്റ്റ് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) വിദ്യാർത്ഥികൾക്ക് ഇത്തരത്തിൽ സ്കോളർഷിപ്പ് നൽകുന്നതിന് പഞ്ചായത്ത് ഫണ്ട് ചെലവഴിക്കാൻ

സർക്കാർ അനുമതിയില്ല.

2) ആനുകൂല്യം നൽകുന്നതിന് ഗുണഭോക്താക്കളെ ഗ്രാമസഭയും പഞ്ചായത്തും അംഗീകരിച്ചിട്ടില്ല.

3) തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ പട്ടികജാതി വിഭാഗത്തിൽ പെടുന്നവരാണ് എന്നതിന് രേഖകൾ ഇല്ല.
4) വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ എന്നകാര്യം വ്യക്തമല്ല.

സ്കൂൾ ക്ലാസുകളിൽ പഠിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ധനസഹായം നൽകി. സർക്കാർ അനുമതിയില്ലാതെ നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ചെലവ് ചെയ്ത തുക ₹ 45900 ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനിൽനിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 3-2 പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നടപടിക്രമങ്ങൾ പാലിക്കാത്തത്

2015-16 ൽ ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വാർഷിക പദ്ധതി ചെലവിന്റെ 70ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് വിനിയോഗിച്ചതെന്ന് കാണുന്നു. തനതു വിഹിതം ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് വകയിരുത്തി അസി.എഞ്ചിനീയർ നിർവ്വഹണം നടത്താൻ 215 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി. ഒരു അസി.എഞ്ചിനീയർ ,ഓവർസിയർ ഉൾപ്പെടുന്ന എൽ സി ജി ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മാനുഷിക വിഭവശേഷിയിൽ ഒതുങ്ങി നിൽക്കാത്ത എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് പദ്ധതി നടത്തിപ്പിന്റെ ഗുണമേന്മയെ ഗൗരവമായി ബാധിക്കുന്ന വിഷയമാണ്.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ എന്നിവയിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

1.റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നു

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗിക തലത്തിൽ വരുത്താനായില്ല.

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചതാണെങ്കിലും പ്രാരംഭ നടപടി പോലും പൂർത്തിയാക്കായില്ലായെന്ന് കാണുന്നു. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്റ്റിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കേണ്ടതാണ്.

2.റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നിർവ്വഹിക്കുന്നു.

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവൂവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. എന്നാൽ 3 മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം

പോലും കോൺക്രീറ്റിംഗ് ചെയ്യുന്നത് മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം എന്നിങ്ങനെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ്. എസ്റ്റിമേറിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് വ്യാപകമായി ചെയ്യുന്നുണ്ട്. വീതി 3 മീറ്ററിൽ താഴെയുള്ള നടപ്പാതകളിൽ പൂർണ്ണമായും കോൺക്രീറ്റിംഗാണ് നിർവ്വഹിക്കുന്നത്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ടത്ര സംവിധാനങ്ങളില്ലായെന്ന വസ്തുത നിലനിൽക്കുമ്പോൾ തന്നെ നിർമ്മാണത്തിനും മെയിന്റനൻസിനും വലിയ സാമ്പത്തിക ചെലവ് വരുത്തിവെക്കുന്ന കോൺക്രീറ്റിംഗ് അവശ്യമായ സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. പഞ്ചാത്ത് ഭരണ സമിതിയും സാങ്കേതിക മേൽനോട്ടം വഹിക്കുന്ന അസി.എഞ്ചിനീയറും നിർദ്ദേശം പരിശോധിച്ച് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

3. ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനത്തിലെ അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഗുണഭോക്തൃ സമിതികളുടെ സംഘാടനപരമായ കഴിവും സാമ്പത്തിക ശേഷിയും ഒരു തലത്തിലും പരിശോധിക്കപ്പെടുന്നില്ല. പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ് പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഒരു മരാരത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിലും നടപ്പിലാക്കുന്നില്ല. കോൺട്രാക്ടറുടെ / കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ് പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണമാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014നമ്പർ സർക്കുലറിലും കർശന നിർദ്ദേശം നൽകിയതാണ്. ഗുണഭോക്തൃ കമ്മറ്റികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് നടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തദ്ദേശ ഭരണ വകുപ്പിന്റെ 4.3.2013 ലെ 1047/DA1/2013 ലെ സർക്കുലറിലും വ്യക്തമാക്കിയത് നടപ്പിലാക്കേണ്ടതാണ്.

4.ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവ് കണക്ക് സൂക്ഷ്മ പരിശോധന നടത്തുന്നില്ല.

ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ചെലവ് കണക്കാക്കുന്നത് എസ്റ്റിമേറ്റിനെ അടിസ്ഥനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക, സമിതിക്ക് ചെലവായത് ഇവയിൽ കുറവായ തുകയാണ് അനുവദിക്കാൻ നിർദ്ദേശമുള്ളത്. നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതി സൂക്ഷിക്കുന്ന മുഴുവൻ മെറ്റീരിയൽ പർച്ചേസ് ബില്ലുകളും തൊഴിലാളികൾക്ക് കൂലി വിതരണവുമായി ബന്ധപ്പെട്ട മസ്റ്റർറോളും സൂക്ഷ്മ പരിശോധന നടത്തി യഥാർത്ഥ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.

സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ ടാറിംഗ് പ്രവൃത്തികൾ പരിശോധിച്ചതിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത് 2014 ലെ DSR നിരക്കിനെ അടിസ്ഥാനമാക്കിയാണെന്നും ടാറിന്റെ മാർക്കറ്റ് വില ഈ നിരക്കിനേക്കാൾ കുറവാണെന്നും കാണുന്നു. ഇതെ പ്രവൃത്തികളുമായി ബന്ധപ്പെട്ട ചെലവ് കണക്ക് തയ്യാറാക്കിയപ്പോൾ സമിതികൾ ടാർ ലഭ്യമായതിന്റെ യഥാർത്ഥ ചെലവ് ഉൾപ്പെടുത്തുന്നുണ്ടെങ്കിലും മൊത്തം ചെലവ് മൂല്യനിർണ്ണയതുകയിൽ അധികരിക്കുന്ന രീതിയിൽ തൊഴിലാളികളുടെ കൂലി,മറ്റുള്ള മെറ്റീരിയലുകൾ വാങ്ങിയതിന്റെ ചെലവ് അധികമായി ഉൾപ്പെടുത്തുന്നുണ്ട്. മരാമത്ത് പ്രവൃത്തികളുടെ ചെലവ് അനുവദിക്കുമ്പോൾ ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവുകളുടെ കൃത്യത ബന്ധപ്പെട്ട ബിൽ,മസ്റ്റർറോൾ സഹിതം സൂക്ഷമപരിശോധന നടത്തേണ്ടതാണ്.

## 3-3 പട്ടികജാതി കോളനികളിൽ സോളാർലൈറ്റുകൾ സ്ഥാപിക്കൽ -ലക്ഷ്യപ്രാപ്തിയിലെത്തിയില്ല

പ്രോജക്റ്റ് നം. 295/16

പട്ടികജാതി കോളനികളിൽ സോളാർലൈറ്റ്

വിനിയോഗിച്ച തുക – 10,93,054 രൂപ (എസ് സി പി )

ബിൽ നം. 4/15-16/30.03.2016

നിർവ്വഹണം - അസി. സെക്രട്ടറി

സ.ഉ(നം. 493/2015/തസ്വഭവ തി. 19.02.2015 പ്രകാരം മലപ്പുറം ജില്ലയിലെ തെരുവു വിളക്കുകളുടെ മുഴുവൻ പ്രവൃത്തികളും ഏൽപ്പിച്ചിട്ടുള്ള ക്രൂസ് എന്ന സ്ഥാപനം മുഖേന കുഴിമണ്ണ ഗ്രാമപഞ്ചായത്തിൽ ,പട്ടികജാതി വികസന ഓഫീസർ നൽകിയ ഫീസിബിലിറ്റി സാക്ഷ്യപത്രപ്രകാരം 37 പട്ടികജാതി കോളനികളിൽ സോളാർലൈറ്റ് സ്ഥാപിക്കുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്.സോളാർലൈറ്റുകൾ സ്ഥാപിച്ചതായി ബന്ധപ്പെട്ട വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

പദ്ധതി സംബന്ധിച്ച് 31.10.2016ന് ഓഡിറ്റ് നടത്തിയ സ്ഥലപരിശോധനയിൽ 12 സോളാർ ലൈറ്റുകൾ സ്ഥാപിച്ച കോളനികൾ സന്ദർശിച്ചു. ആയതിൽ ഒരിടത്ത് മാത്രമാണ് പൂർണ്ണതോതിൽ സോളാർലൈറ്റ് പ്രവർത്തിക്കുന്നതായി കണ്ടെത്തിയത്.നാലിടത്ത് സോളാർലൈറ്റ് കത്തുന്നുണ്ടെങ്കിലും ശരിയായി പ്രവർത്തനക്ഷമമല്ലെന്ന് കോളനിവാസികൾ അറിയിച്ചു. ശേഷിച്ച ഏഴിടത്തും ലൈറ്റുകൾ സ്ഥാപിച്ച് ദിവസങ്ങൾക്കകം തന്നെ പ്രവർത്തനരഹിതമായതായി കണ്ടെത്തി.സന്ദർശിക്കാത്ത സ്ഥലങ്ങളിൽ നിന്നും സോളാർലൈറ്റുകൾ പ്രവർത്തനരഹിതമായത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുള്ളത് ഫയലിൽ ഉണ്ട്.സോളാർലൈറ്റുകൾ സ്ഥാപിച്ച് മാസങ്ങൾക്കകം തന്നെ ഒട്ടുമിക്ക ലൈറ്റുകളും പ്രവർത്തനരഹിതമാകുകയോ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമല്ലാതാകുകയോ ചെയ്തതായി ഓഡിറ്റിന് ബോധ്യപ്പെട്ടു.

പ്രവൃത്തി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ബിൽ നം. 4/15-16/30.03.2016 പ്രകാരം 10,93,054 രൂപ പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിക്കുന്നത് 2015-16 വർഷത്തിലാണ്. എന്നാൽ ക്രൂസ് പ്രവൃത്തി പൂർത്തീകരിക്കുന്നത് 2016 ജൂലൈയിലാണ്. തുക ഡി .ഡി യാക്കി സൂക്ഷിച്ച് റീവാലിഡേറ്റഡ് ചെയ്ത് 16.08.2016 നാണ്(ഡി.ഡി നം. 309391/01.04.2016) സ്ഥാപനത്തിന് നൽകിയിട്ടുള്ളത്.ധനവിനിയോഗം സംബന്ധിച്ച ജി .ഒ (എം എസ് ) നം. 177/2006/ധനം. തി. 12.04.2006 6.1പ്രകാരം ഭാവിയിൽ ചെലവുവരും എന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ തുക മുൻകൂറായി ട്രഷറിയിൽ നിന്നും പിൻവലിക്കുവാൻ പാടില്ല. യഥാർത്ഥ വിനിയോഗ ആവശ്യങ്ങൾക്കനുസരിച്ച് മാത്രമാണ് ട്രഷറിയിൽ നിന്നും തുക പിൻവലിക്കുവാൻ പാടൊള്ളൂ.ആയത് പാലിക്കാതെയാണ് തുക പിൻവലിച്ചിട്ടുള്ളത്.

2)സ.ഉ (സാധാ)നം. 3140/2015/ തസ്വഭവ തി. 16.10.2015 ലെ ഉത്തരവിൽ പ്രകാരം സ്ഥാപനത്തെ ജോലി ഏൽപ്പിച്ച കഴിഞ്ഞാൽ മൂന്നാഴ്ചക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. മാർച്ച് 2016ന് പ്രവൃത്തി ഏൽപ്പിച്ചുവെങ്കിലും പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ട്.

3)പ്രവൃത്തി നടപ്പിലാക്കുന്നതു സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ക്രൂസുമായി ഉടമ്പടി ഒപ്പുവെച്ചിട്ടില്ല.ഗ്രാമപഞ്ചായത്തിനു പുറത്തുള്ള ഒരു സ്ഥാപനവുമായി 10,93,054 രൂപ മുതൽമുടക്കുള്ള ഒരു പ്രവൃത്തിയുടെ നടത്തിപ്പ് സംബന്ധിച്ചും ആയതിന്റെ പരിപാലനം സംബന്ധിച്ചും വിവിധ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമക്കാതിരുന്നത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ ഭരണപരമായ വീഴ്ചയാണ്. വീഴ്ചക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

10,6 എന്നീ വാർഡുകളിൽ സോളാർലൈറ്റുകൾ പ്രവർത്തനരഹിതമായതു സംബന്ധിച്ച് സ്ഥാപനത്തെ അറിയിച്ചിട്ടുണ്ടെങ്കിലും കരാർ ചമക്കാതിരുന്നതു മൂലം ഗ്രാമപഞ്ചായത്തിന് സ്ഥാപനത്തിനെതിരെ നിയമപ്രകാരം യാതൊരു നടപടിയും സ്വീകരിക്കുവാൻ കഴിയുന്നില്ല.

4)12-ാം പദ്ധതി മാർഗ്ഗരേഖ ജി .ഒ (എം എസ് )നം. 362/2013/ തസ്വഭവ തി. 16.11.2013 പ്രകാരം കുറഞ്ഞത് അഞ്ച് പട്ടികജാതി കുടുംബങ്ങളെങ്കിലും അടുത്തടുത്ത് താമസിക്കുന്ന പ്രദേശത്തെയാണ് ഒരു പട്ടികജാതി സാങ്കേതമായി കണക്കാക്കുന്നതും പൊതു ആവശ്യത്തിനുള്ള പ്രത്യേക ഘടകപദ്ധതി വിഹിതം വകയിരുത്തുന്നതും. എന്നാൽ സ്ഥലപരിശോധനയിൽ അപ്രകാരമുള്ള എണ്ണത്തിൽ കുറവുള്ള സ്ഥലങ്ങളിലും സോളാർലൈറ്റുകൾ സ്ഥാപിച്ചതായി കണ്ടെത്തി (ഉദാ.കായക്കാട്ടുകുന്ന് കോളനി).

പട്ടികജാതി വികസന ഓഫീസർ നൽകിയ ഫീസിബിലിറ്റി സാക്ഷ്യപത്രപ്രകാരമാണ് സോളാർലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളത് എങ്കിലും,ഫീസിബിലിറ്റി സാക്ഷ്യപത്രത്തോടപ്പം പ്രദേശത്തിന്റെ സാമൂഹിക ഭൂപടം തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

5)ജി .ഒ (എം എസ് )നം. 362/2013/ തസ്വഭവ തി. 16.11.2013 പ്രകാരം പട്ടികജാതി വിഭാഗങ്ങളെ സംബന്ധിച്ച് കൃത്യമായി വിവരശേഖരണം നടത്തിയ ശേഷമായിരിക്കണം അവർക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നിശ്ചയിക്കേണ്ടത്.കൂടാതെ ,സാങ്കേതങ്ങളിൽ കുടിവെള്ളം ,കക്കൂസ് തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾക്ക് മുൻഗണന നൽകണം. എന്നാൽ പട്ടികജാതി കുടുംബങ്ങളെ സംബന്ധിച്ചും അവരുടെ ആവശ്യങ്ങളെ സംബന്ധിച്ചും കൃത്യമായ വിവരങ്ങൾ ഇനിയും ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

6)ജി .ഒ (എം എസ് )നം. 362/2013/ തസ്വഭവ തി. 16.11.2013 പ്രകാരം എസ് സി പി ഫണ്ടുകളുടെ വിനിയോഗം കാര്യക്ഷമമാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപന തലത്തിൽ നിരീക്ഷണ കമ്മറ്റികൾ രൂപീകരിക്കേണ്ടതും മൂന്ന് പട്ടികജാതി അംഗങ്ങളിൽ കുറവുള്ള കുഴിമണ്ണ പോലുള്ള ഗ്രാമപഞ്ചായത്തുകളിൽ നിരീക്ഷണ കമ്മറ്റികളുടെ ചുമതല ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളെ ഏൽപ്പിക്കേണ്ടതും മാസം തോറും ഈ കമ്മറ്റികൾ യോഗം ചേർന്ന് പദ്ധതികളുടെ നിർവ്വഹണ പുരോഗതിയും ഫണ്ടിന്റെ വിനിയോഗവും സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തേണ്ടതുമാണ്.നിരീക്ഷണ കമ്മറ്റി യോഗത്തിന്റെ മിനുട്സ് തദ്ദേശ ഭരണസ്ഥാപനത്തിന്റെ യോഗത്തിൽ അജണ്ടയായിവെച്ച് നടപടി ആവശ്യമെങ്കിൽ സ്വീകരിക്കേണ്ടതുമാണ്.എന്നാൽ നിരീക്ഷണ കമ്മറ്റികളുടെ അഭാവത്തിൽ സോളാർലൈറ്റുകൾ സ്ഥാപിച്ചു എന്ന് രേഖപ്പെടുത്തി ബന്ധപ്പെട്ട വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപ്പെടുത്തലുകൾ ഒഴിച്ച് യാതൊരുവിധ മോണിറ്ററിംഗും ഗ്രാമപഞ്ചായത്ത് നടത്തിയിട്ടില്ല.

പദ്ധതിപ്പണം ചെലവഴിക്കുക എന്ന ലക്ഷ്യം മുൻനിർത്തി വ്യക്തമായ കാഴ്ചപ്പാടോ,ആസൂത്രണമോ കൂടാതെയും,ധനവിനിയോഗം സംബന്ധിച്ച സർക്കാർ ഉത്തരവുകൾ പാലിക്കാതെയും പൊതുപണം ചെലവഴിക്കുകയാണ് പദ്ധതിയിൽ ചെയ്തിട്ടുള്ളതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-4 <u>വികലാംഗക്ഷേമ പരിപാടി - വിശദാംശങ്ങൾ ലഭ്യമല്ല</u>

പ്രോജക്റ്റ് നം. 34/16

വികലാംഗക്ഷേമപരിപാടി

വിനിയോഗിച്ച തുക – 45,063 രൂപ

ബിൽ നം. 7/15-16/28.03.2016

നിർവ്വഹണം - മെഡിക്കൽ ഓഫീസർ , പി എച്ച് സി

പദ്ധതി പ്രകാരം സിഡ്കോയിൽ നിന്നും സി പി വാക്കർ(നാലെണ്ണം),വാക്കർ (ഒന്ന് ) സർജിക്കൽ ഷൂ (ഒന്ന് ) , ട്രഡ് മിൽ (ഒന്ന് ) എന്നിവ മേൽ തുക വിനിയോഗിച്ചു കൊണ്ട് വാങ്ങിയിട്ടുണ്ട് .ഇതു സംബന്ധിച്ച് താഴെ പറയുന്ന വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1)ജി ഒ (എം എസ് ) നം. 362/2013/ ത സ്വ ഭ വ തി. 16.11.2013 പ്രകാരം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനു മുൻപ് നടത്തിയിട്ടുള്ള ആവശ്യകതാ നിർണ്ണയ ക്യാമ്പിന്റെ വിവരം

2)ഉപകരണങ്ങൾ ലഭിച്ച ഗുണഭോക്താക്കളുടെ വിവരം

3)ജി ഒ (എം എസ് ) നം. 362/2013/ ത സ്വ ഭ വ തി. 16.11.2013 പ്രകാരം ഭിന്നശേഷിയുള്ളവർ അംഗപരിമിതർ എന്നിവർക്കുള്ള ഉപകരണങ്ങൾ എന്നിവ കെൽട്രോണിൽ നിന്നോ,ആർട്ടിഫിഷ്യൽ ലിംപ് മാനുഫാക്ചറിംഗ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയിൽ നിന്നോ വാങ്ങാനാണ് അനുമതിയുള്ളത് ആയതിന് പകരം സിഡ്കോയിൽ നിന്നും വാങ്ങിയതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

വിശദാംശങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 8/2.11.2016)മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 45,063 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-5 രോഗപ്രതിരോധപ്രവർത്തനങ്ങൾ - ചെലവുരേഖകൾ ലഭ്യമല്ല

പ്രോജക്റ്റ് നം.35/16

രോഗപ്രതിരോധപ്രവർത്തനങ്ങൾ

വിനിയോഗിച്ച തുക – 50,000 (തനത് ഫണ്ട് )

ചെക്ക് നം.1893960/29.02.2016 – 30,000

ചെക്ക് നം.4148930/21.03.2016 - 20,000

നിർവ്വഹണം - മെഡിക്കൽ ഓഫീസർ ,പി എച്ച് സി

പദ്ധതി പ്രകാരം ഡി & ഒ ലൈസൻസ് ട്രേഡ് ഇൻസ്പെക്ഷൻ , വാക്സിനേഷൻ ,പകർച്ചാവ്യാധി നിയന്ത്രണം എന്നിവക്കായുള്ള വാഹന ചെലവിന് തുക വിനിയോഗിക്കാണ് പ്രോജക്റ്റിൽ വിഭാവനം ചെയ്തത് . തുക വിനിയോഗിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

വിശദാംശങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 10/2.11.2016)മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 50,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-6 ദിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് ഫിസിയോതെറാപ്പി - വിശദാംശങ്ങൾ ലഭ്യമല്ല.

പ്രോജക്റ്റ് നം. 190/16

ദിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് ഫിസിയോതെറാപ്പി

വിനിയോഗിച്ച തുക – 50,000 രൂപ (തനത് ഫണ്ട് )

ചെക്ക് നം.1893953/29.12.2015 – 24,000 രൂപ

ചെക്ക് നം.1893959/29.2.2016 – 26,000 രൂപ

നിർവ്വഹണം - മെഡിക്കൽ ഓഫീസർ , പി എച്ച് സി , കുഴിമണ്ണ

പദ്ധതി പ്രകാരം ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് ഫിസിയോതെറാപ്പി ഇനത്തിൽ ഫിസിയോതെറാപ്പിസ്റ്റിന് വേതനം നൽകുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്.

ഇതുസംബന്ധിച്ച് താഴെ പറയുന്ന വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1)ജി ഒ (എം എസ് ) നം. 362/2013/തസ്വഭവ തി.16.11.2013 പ്രകാരം ഫിസിയോതെറാപ്പിസ്റ്റിന് വേതനം നൽകുന്നതിനായി തുക വിനിയോഗിക്കാനാവില്ല. ആയതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് ലഭ്യമാക്കേണ്ടതാണ്.

2)ഫിസിയോതെറാപ്പിസ്റ്റിന് വേതനം നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3)ഫിസിയോതെറാപ്പി എവിടെ വെച്ച് നടത്തിയെന്നും പ്രോജക്റ്റിന്റെ മറ്റു വിശദാംശങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

വിശദാംശങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 13/03.11.2016)മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗരേഖാ വിരുദ്ധമായി ചെലവഴിച്ച് ,50,000 രൂപ ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 പരിരക്ഷാപദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം.32/ 2016

പരിരക്ഷാ പദ്ധതി

വിനിയോഗിച്ച തുക -2,35,250രൂപ

ബിൽ നം. 1/15-16/14.12.2016 – 1,34,250 രൂപ

ബിൽ നം. 2/15-16/18.03.2016 – 75,600രൂപ

ബിൽ നം. 6/15-16/28.03.2016 – 57,400 രൂപ

ബിൽ നം. 5/15-16/14.12.2016 – 1,02,210 രൂപ

നിർവ്വഹണം - മെഡിക്കൽ ഓഫീസർ - പി എച്ച് സി,കുഴിമണ്ണ

പദ്ധതി പ്രകാരം പരിരക്ഷാപദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്ക് മരുന്നവാങ്ങൽ,പരിരക്ഷാ നേഴ്സിന്റെ ശമ്പളം, വാഹനവാടക ,പരിരക്ഷാനേഴ്സിന്റെ ഫോൺ അലവൻസ് , എന്നീ ഇനങ്ങളിലാണ് തുക ചെലവഴിച്ചിട്ടുള്ളത് . ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ബിൽ നം. 2/15-16/18.03.2016 പ്രകാരം 30,000 രൂപ മരുന്നവാങ്ങാനാണ് വിനിയോഗിച്ചിട്ടുള്ളത്. മരുന്നവാങ്ങുന്നതിനായി തുക നൽകിയതിന്റെ കൈപ്പറ്റ് രശീതി, മരുന്നിന്റെ സ്റ്റോക്ക് ,ഇഷ്യൂ വിവരങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2. പാലിയേറ്റീവ് പരിചരണത്തിനായി നിലവിലുണ്ടായിരുന്ന മാർഗ്ഗരേഖ റദ്ദാക്കിക്കൊണ്ട്പുറത്തിറക്കിയ 29-10-2015-ലെ സ.ഉ(ആർ.ടി) 3217/15/ത.സ്വ.ഭ.വ പുതുക്കിയ മാർഗ്ഗരേഖ പ്രകാരം, പരിരക്ഷാനേഴ്സിന്റെ ഫോൺ അലവൻസ് അനുവദിക്കാവുന്നതല്ല. ആയതിനാൽ 2015 നവംബർ മുതൽ2016 മാർച്ച് വരെ ഈ ഇനത്തിൽ കൈപ്പറ്റിയ 1500 രൂപ തിരികെ ഈടാക്കേണ്ടതാണ്.
3. ഹോംകെയർ ദിനങ്ങളിൽ ഗൃഹസന്ദർശനത്തിന് മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് ഭക്ഷണമിനത്തിൽ പരമാവധി 180 രൂപ മാത്രമാണ് ചെലവഴിക്കാവുന്നത് എന്നാൽ താഴെ പറയും പ്രകാരം ഈ ഇനത്തിൽ അധിക തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമനം | തീയ്യതി | ചെലവഴിച്ച തുക | ചെലവഴിക്കാവുന്ന തുക | അധികമായി ചെലവഴിച്ചത് | റിമാർക്സ് |
|---|---|---|---|---|---|
| 1 | 3.11.2015 | 500 | 180 | 320 | |
| 2 | 4.11.2015 | 500 | 180 | 320 | |
| 3 | 7.11.2015 | 500 | 180 | 320 | |
| 4 | 11.11.2015 | 500 | 180 | 320 | |
| 5 | 14.11.2015 | 500 | 180 | 320 | |
| 6 | 17.11.2015 | 500 | 180 | 320 | |
| 7 | 19.11.2015 | 500 | 180 | 320 | |
| 8 | 21.11.2015 | 500 | 180 | 320 | |
| 9 | 24.11.2015 | 500 | 180 | 320 | |
| 10 | 26.11.2015 | 500 | 180 | 320 | |
| 11 | 28.11.2015 | 500 | 180 | 320 | |

| | | | | | |
|---|---|---|---|---|---|
| 12 | 09.11.2015 | 1000 | 180 | 820 | ബിൽ നം. 5/15-16 /14.12.2016 |
| | | | ആകെ | 4340 | |

കാരണം വ്യക്തമാക്കേണ്ടതാണ്.

4. അത് പോലെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് പോകുന്നതിനായി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിക്ക് പുറമേ ഒരു പാലിയേറ്റീവ് നിർവ്വഹണ കമ്മറ്റിയും രൂപീകരിക്കേണ്ടതുണ്ട്. ആയത് രൂപീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

വിശദാംശങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും(നം.11/2.11.2016) മറുപടി ലഭ്യമാക്കിയിട്ടില്ല.സർക്കാർ ഉത്തരവ് പാലിക്കാതെ അധികമായി ചെലവഴിച്ച 5840 രൂപ വീഴ്ചക്ക് ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമായതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിക്കേണ്ടതുമാണ്. അതുവരെയും ശേഷിച്ച തുക 2,29,410 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-8 മരുന്നു വാങ്ങൽ -വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1)പ്രോജക്റ്റ് നം.10/ 2016

കുഴിമണ്ണ പി എച്ച് സി യിലേക്ക് മരുന്നു വാങ്ങൽ പദ്ധതി

വിനിയോഗിച്ച തുക -1,00,000 രൂപ

ബിൽ നം. 3/15-16/18.03.2016

നിർവ്വഹണം - മെഡിക്കൽ ഓഫീസർ -പി എച്ച് സി,കുഴിമണ്ണ

2)പ്രോജക്റ്റ് നം.33/ 2016

വൃദ്ധജനപരിപാലനം പദ്ധതി

വിനിയോഗിച്ച തുക -50,000 രൂപ

ബിൽ നം. 4/15-16/18.03.2016

നിർവ്വഹണം - മെഡിക്കൽ ഓഫീസർ - പി എച്ച് സി,കുഴിമണ്ണ
മേൽ പദ്ധതി(1),(2)പ്രകാരം മുഴുവൻ തുകയും മരുന്നുകൾ വാങ്ങുന്നതിനായി പിൻവലിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച താഴെ പറയുന്ന വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1)മരുന്നിനായി തുക നൽകിയതിന്റെ വിവരം , സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രശീതി.

2)ലഭ്യമായ മരുന്നിന്റെ സ്റ്റോക്ക് ,ഇഷ്യൂ വിവരങ്ങൾ

3)മേൽ പദ്ധതി (2)പ്രകാരം തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ പട്ടിക ,മരുന്നുകൾ കൈപ്പറ്റിയവരുടെ വിവരം എന്നിവ.

വിശദാംശങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 9/2.11.2016)മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 1,50,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-9 ബജറ്റ് തയ്യാറാക്കൽ - അപാകതകൾ

കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ബജറ്റ് 24.03.2015 ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും തുടർന്ന് 25.03.2015 ന് പഞ്ചായത്ത് ഭരണസമിതിയും അംഗീകരിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 പ്രകാരം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബഡ്ജറ്റ് തയ്യാറാക്കുന്നതിനും അനുമതി നൽകുന്നതിനും സ്വീകരിക്കേണ്ട നടപടികൾ വ്യക്തമായി നിർദേശിക്കുന്നുണ്ട്. എന്നാൽ ഈ നിർദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പഞ്ചായത്തിന്റെ 2015-16 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് എന്ന് പരിശോധനയിൽ വ്യക്തമായി.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(1) പ്രകാരം – ജനവരി 15 നമുമ്പായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയുടെയും ഉദ്യോഗസ്ഥരുടെയും നിർദേശങ്ങൾ പരിഗണിച്ച് ബജറ്റ് നിർദേശങ്ങൾ തയ്യാറാക്കി അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഒന്നുംതന്നെ ഇത്തരത്തിലുള്ള ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചിട്ടില്ല. ഉദ്യോഗസ്ഥരിൽ നിന്നും നിർദേശങ്ങൾ സ്വീകരിച്ചതായും കാണുന്നില്ല.

പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള യാതൊരു നിർദേശങ്ങളും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന് പിരിച്ചെടുക്കാൻ സർക്കാർ അനുമതി നൽകിയ നികുതി ഇനങ്ങളായ പരസ്യ നികുതി സേവന നികുതി എന്നിവ പിരിച്ചെടുക്കുന്നതിനും പഞ്ചായത്തിന്റെ ആസ്തികൾ ഉപയോഗപ്പെടുത്തുന്നതിനും ഉപയുക്തമായ യാതൊരു നിർദേശങ്ങളും ഉൾക്കൊള്ളിക്കാതെയും ഉദ്യോഗസ്ഥരിൽ നിന്നും നിർദേശങ്ങൾ സ്വീകരിക്കാതെയും, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശുപാർശകൾ സ്വീകരിക്കാതെയും ബജറ്റ് തയ്യാറാക്കിയതിൽ നിന്നും പഞ്ചായത്ത് ബജറ്റ് തയ്യാറാക്കുന്ന പ്രക്രിയയെ ഗൗരവപൂർണ്ണമായല്ല സമീപിച്ചത് എന്ന് വ്യക്തമാണ്.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(1 എ) - സമർപ്പിക്കപ്പെട്ട നിർദേശങ്ങളും ആവശ്യങ്ങളും പരിഗണിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബഡ്ജറ്റ് തയ്യാറാക്കി മാർച്ച് മാസം ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പായി ഭരണസമിതിയുടെ പ്രത്യേക യോഗത്തിൽ അവതരിപ്പിക്കേണ്ടതായിരുന്നുവെങ്കിലും 25.03.2015 ന് മാത്രമാണ് ബജറ്റ് ഭരണസമിതി മുമ്പാകെ അവതരിപ്പിച്ചത്.

സെക്ഷൻ 214(3) പ്രകാരം –ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവുമായിരിക്കേണ്ടതും മുൻ വർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ് . എന്നാൽ തയ്യാറാക്കിയ ബജറ്റിൽ ഇത്തരത്തിലുള്ള യാതൊരു വിശദീകരണവും ഉൾപ്പെടുത്താതെ തന്നെ മുൻവർഷ വരവിനെക്കാൾ വളരെ അധികം തുക ഉൾപ്പെടുത്തിയിരിക്കുന്നു.

ഏതാനും ഇനങ്ങളിലെ വിവരങ്ങൾ താഴെ നൽകുന്നു

| ഇനം | മുൻ വർഷത്തെ യഥാർത്ഥ വരവ് | ബജറ്റിൽ ഉൾപ്പെടുത്തിയത്. |
|---|---|---|
| വസ്തു നികുതി | 1785194 | 3300000 |
| തൊഴിൽ നികുതി. | 1168176 | 1350000 |
| വിനോദ നികുതി | 7500 | 75000 |
| വാടക | 3500 | 55000 |

ബജറ്റിൽ വരവ് ഇനങ്ങൾ ഉൾപ്പെടുത്തുമ്പോൾ പാലിക്കേണ്ട നിർദേശങ്ങൾ പാലിക്കാതെ വരവ് കണക്കാക്കിയത്മൂലം ഏതാനും വരവിനങ്ങളിൽ പഞ്ചായത്തിന്റെ തൻവർഷ വരവ് തുകകൾ ബജറ്റ് പ്രകാരം പ്രതീക്ഷിച്ചതിനെക്കാൾ വളരെ കുറവാണ്

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിച്ചത് | യഥാർത്ഥ വരവ് | വ്യത്യാസം(കുറവ്) |
|---|---|---|---|
| വസ്തു നികുതി | 3300000 | 2744126 | 555874 |
| വാടക | 55000 | 11500 | 43500 |
| പെർമിറ്റ് ഫീസ് | 400000 | 198806 | 201194 |

ബജറ്റ് തയ്യാറാക്കുമ്പോൾ പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള നിർദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതും പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ക്രിയാത്മകമായ നിർദേശങ്ങൾ ഉൾപ്പെടുത്തി ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 3-10 ചെലവുകൾക്ക് അനുബന്ധ രേഖകൾ ലഭ്യമല്ല.

2015-16 വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന ചെലവകളുടെ അനുബന്ധ രേഖകൾ ലഭ്യമല്ല.

| ചെലവിനം | തുക | വൗച്ചർ നമ്പർ / ട്രഷറി ബിൽ നമ്പർ | കുറിപ്പ് |
|---|---|---|---|
| പാത്തിക്കൽ അംഗൻവാടി കുഴൽകിണർ കുഴിക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ ചാർജ്ജ് അടച്ചത് | 1750 | 21500367/ 6-10-2015 | ഭൂ ജല വകുപ്പിൽ നിന്നുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭ്യമല്ല. |
| മേൽമുറി അംഗൻവാടി കുഴൽകിണർ നിർമാണം - ഭൂജല വകുപ്പ് മലപ്പുറം ജില്ലാ ഓഫീസർക്ക് മുൻകൂർ നൽകിയത്. | 37670 | 21500790/ 9.03.2016 (24/15-16 തി. 25.02.2016) | ഭൂ ജല വകുപ്പിൽ നിന്നുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് , വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല. |
| ചുള്ളിക്കോട് എസ്.സി കോളനി കുഴൽകിണർ നിർമാണം - ഭൂജല വകുപ്പ് മലപ്പുറം ജില്ലാ ഓഫീസർക്ക് മുൻകൂർ നൽകിയത്. | 39020 | 21500791/ 9.03.2016 (23/15-16 തി. 25.02.2016) | ഭൂ ജല വകുപ്പിൽ നിന്നുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് , വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല. |
| IKM വിഹിതം അടവാക്കൽ | 46433 | 21500902/ 31.03.2016 (33/15-16 തി. 31.03.2016) | കൈപ്പറ്റ് രസീത് ലഭ്യമല്ല |
| IAY വിഹിതം നൽകൽ ( 3/16) | 320000 | 16/15-16 തി. 20.01.2016 | കൈപ്പറ്റ് റസീത് , വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല. |
| | 600000 | 17/15-16 തി. 20.01.2016 | |
| IAY വിഹിതം നൽകൽ SC ( 5/16) | 420000 | 15/15-16 തി. 20.01.2016 | കൈപ്പറ്റ് റസീത് , വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല. |
| വനിത ലേബർ ബാങ്കിന് വിഹിതം നൽകൽ (191/16) | 193000 | 29/15-16 തി. 28.03.2016 | കൈപ്പറ്റ് റസീത് , വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല. |
| ആകെ | 1657873 | | |

ചെലവ് സാധൂകരിക്കുന്നതിനുള്ള രേഖകളുടെ അഭാവത്തിൽ ₹ 1657873 ചെലവ് തടസ്സം ചെയ്യുന്നു. രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-11 വെള്ളക്കരം അടവാക്കുന്നത് - രേഖകൾ ഇല്ല.

കുഴിമണ്ണ പഞ്ചായത്തിലെ തെരുവ് ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 3063 രൂപ വീതം അടവാക്കിവരുന്നുണ്ട്.

എന്നാൽ പഞ്ചായത്തിലെ ഏതെല്ലാം ടാപ്പുകൾക്കാണ് പണം അടക്കുന്നത് എന്നത് സംബന്ധിച്ച് പഞ്ചായത്തിൽ യാതൊരു രേഖയും ലഭ്യമല്ല. സ്ട്രീറ്റ് ടാപ്പുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. കൂടാതെ ടാപ്പുകളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയും ചെയ്തിട്ടില്ല.

ടാപ്പുകളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന്

സംയുക്ത പരിശോധന നടത്തുകയും പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രമാണ് വെള്ളക്കരം അടക്കുന്നത് എന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

## 3-12 എസ്.എസ്.എ പ്രൊജക്ട് - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല

2015-16വർഷത്തിൽ എസ്.എസ്.എ പ്രൊജക്ടിനുള്ള പഞ്ചായത്ത് വിഹിതം ഇനത്തിൽ ₹ 700,000 എസ്.എസ്.എ മലപ്പുറം ജില്ലാ കോ ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്.

ചെലവ് വിവരം താഴെ നൽകുന്നു.

| പ്രൊജക്ട് | ചെലവ് തുക | ബിൽ നമ്പർ | ഡി.ഡി നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| എസ്.എസ്.എ വിഹിതം നൽകൽ (12/16) | 300,000 | 1/15-16<br>തി. 30.01.2016 | 912293/03-02-2016 |
| എസ്.എസ്.എ (എസ്.സി) 13/16 | 400,000 | 2/15-16<br>തി. 03.02.2016 | |
| ആകെ | 700,000 | | |

ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പ്രൊജക്ടിന്റെ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) എസ്.എസ്.എ പ്രൊജക്ട് സർക്കാർ നിർദേശം പാലിച്ചില്ല.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 225/12 തി. 18.08.2012, പുതുക്കിയ മാർഗ്ഗരേഖ ജി.ഒ (എം.എസ്) 362/13 തി. 16.11.2013, എന്നിവ പ്രകാരം എസ്.എസ്.എ യും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിന്റെ SSA പ്രൊജക്ട് തയ്യാറാക്കേണ്ടത് എന്ന് വ്യക്തമായി നിർദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് അധികാരികളും, പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തകരും , എസ്.എസ്.എ യും കൂടി ചർച്ച ചെയ്ത് പഞ്ചായത്തിൽ SSA പ്രൊജക്ടിൻ കീഴിൽ നടപ്പാക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ച് പഞ്ചായത്തിന്റെ ആവശ്യകതക്കനുസരിച്ചാണ് പ്രൊജക്ട് തയ്യാറാക്കേണ്ടത്. ഇത്തരമൊരു നടപടി പാലിച്ചിട്ടില്ല.

2) വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

പുതുക്കിയ മാർഗ്ഗരേഖ ജി.ഒ (എം.എസ്) 362/13 തി. 16.11.2013 പ്രകാരം എസ്.എസ്.എ പ്രൊജക്ടിന് തുക കൈമാറുന്നതിന് മുമ്പ് മുൻവർഷം കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ലഭ്യമാക്കേണ്ടതാണ് എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ എസ്.എസ്.എ കൈപ്പറ്റിയ തുകയുടെ വിനിയോഗം സംബന്ധിച്ച വ്യക്തമായ വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.എ അധികാരികൾ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടില്ല.

പഞ്ചായത്ത് ഫണ്ട് കൈപ്പറ്റിയ സ്ഥാപനം പഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കിയ പ്രവർത്തനങ്ങൾ, ചെലവ് എന്നിവ വ്യക്തമാക്കുന്ന വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ ചെലവ് ₹ 700,000 തടസ്സം ചെയ്യുന്നു. വ്യക്തമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2014-15 | 35000 | റേഷൻ പടികണ്ണംകുത്ത് റോഡ് | 35000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 1000000 | അംഗനവാടി പോഷകാഹാരം | 497991 | 502009 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | മേൽമുറി അംഗനവാടിക്ക് കുഴൽകിണർ നിർമ്മിക്കൽ | - | 37670 | 37670 | 0 |
| ഭൂജല വകുപ്പ് | ചുള്ളിക്കോട് എസ് സി കോളനി കുഴൽകിണർ നിർമ്മിക്കൽ | - | 39020 | 39020 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 11 | 2004-05 | 11 | കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് പൂർത്തീകരണ വിവരമില്ല | നടപടി തുടർന്നു വരുന്നു |
| 2000-01 | 15,20 | 2004-05 | 15,20 | ഫർണിച്ചറും ടി.വി യും വാങ്ങി സാക്ഷരതാ പദ്ധതി അവസാനിച്ചു | നടപടി തുടർന്നു വരുന്നു |
| 2010-11 | 3-9 | 2010-11 | 3(9) | ലഘു അവലോകനം | നടപടി തുടർന്നു വരുന്നു |
| 2011-12 2012-13 | 3(1),3(2) | 2014-15 | 4-1 | ലഘു അവലോകനം | നടപടി തുടർന്നു |

| | | | | | |
|---|---|---|---|---|---|
| | | | | | വരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,96,61,708 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,42,72,373 |
| വരവിനങ്ങളിലുള്ള നഷ്ടം | 42,702 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,01,740 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 28,32,346 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 42,702 | | ശ്രീ. പി.പി.സുനിൽകുമാർ,സെക്രട്ടറി - 22438 രൂപ<br>ശ്രീ.പി.ടി.അബ്ദുൾസലാം ,സെക്രട്ടറി - 20,264 രൂപ |
| 3-1 | | 45,900 | ശ്രീ. അബ്ദുസ്സമദ്, ഹെഡ്മാസ്റ്റർ |
| 3-6 | | 50,000 | ഡോ.മർവ കുഞ്ഞീൻ , മെഡിക്കൽ ഓഫീസർ ,പി എച്ച് സി |
| 3-7 | | 5840 | ഡോ.മർവ കുഞ്ഞീൻ , മെഡിക്കൽ ഓഫീസർ ,പി എച്ച് സി |
| ആകെ | 42,702 | 1,01,740 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 45,063 | ഡോ.മർവ കുഞ്ഞീൻ , മെഡിക്കൽ ഓഫീസർ ,പി എച്ച് സി |
| 3-5 | 50,000 | ഡോ.മർവ കുഞ്ഞീൻ , മെഡിക്കൽ ഓഫീസർ ,പി എച്ച് സി |
| 3-7 | 2,29,410 | ഡോ.മർവ കുഞ്ഞീൻ , മെഡിക്കൽ ഓഫീസർ ,പി എച്ച് സി |
| 3-8 | 150000 | -ടി- |
| 3-10 | 16,57,873 | ശ്രീ.പി.ടി.അബ്ദുൾസലാം ,സെക്രട്ടറി -1750/-രൂപ<br>ശ്രീ. പി.പി.സുനിൽകുമാർ, സെക്രട്ടറി-1656123/-രൂപ |
| 3-12 | 7,00,000 | ശ്രീ. അബ്ദുസ്സമദ്, ഹെഡ്മാസ്റ്റർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അബ്ദുസ്സമദ്, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ജി.എം.യു.പി.എസ്, കുഴിമണ്ണ | പറമ്പിൽ ഹൗസ്, കരിപ്പൂർ, കുമ്മിണിപ്പറമ്പ് പി.ഒ, മലപ്പുറം, 673 638 |
| ഡോ.മർവ കുഞ്ഞീൻ , മെഡിക്കൽ ഓഫീസർ ,പി എച്ച് സി | ലഭ്യമല്ല | കണ്ണിയൻ ,കരുവമ്പ്രം പി ഒ, ചെരണി , മഞ്ചേരി |
| ശ്രീ. സുനിൽകുമാർ,സെക്രട്ടറി | ലഭ്യമല്ല | പ്രീതാനിവാസ്, രാമനാട്ടുകര, കോഴിക്കോട് ജില്ല |
| ശ്രീ.അബ്ദുൾസലാം ,സെക്രട്ടറി | സെക്രട്ടറി ,എടവണ്ണ ഗ്രാമപഞ്ചായത്ത് | ഇളയിടത്ത്കണ്ടി വീട് കുമാരനല്ലൂർ പി ഒ മുക്കം, കോഴിക്കോട് ജില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1966-67 | എൽ.എഫ്.എം.906/95 തി:26.04.1995 | 2 | |
| 1970-71 | എൽ.എഫ്.എം.907/95 തി:26.04.1995 | 2 | |
| 1978-79 | എൽ.എഫ്.എം.910/95 തി:26.04.1995 | 4 | |
| 1979-80 | എൽ.എഫ്.എം.911/95 തി:26.04.1995 | 2 | |
| 1980-81 | എൽ.എഫ്.എം.912/95 തി:26.04.1995 | 1 | |
| 1981-82 | എൽ.എഫ്.എം.913/95 തി:26.04.1995 | 2 | |

| | | | |
|---|---|---|---|
| 1982-83 | എൽ.എഫ്.എം.914/95<br>തി:26.04.1995 | 3 | |
| 1984-85 | എൽ.എഫ്.എം.915/95<br>തി:26.04.1995 | 4 | |
| 1985-86 | എൽ.എഫ്.എം.917/95<br>തി:26.04.1995 | 5 | |
| 1986-87 | എൽ.എഫ്.എം.918/95<br>തി:26.04.1995 | 10 | |
| 1987-88,<br>88-89 | എൽ.എഫ്.എം.919/95<br>തി:26.04.1995 | 17 | |
| 1989-90,<br>90-91 | എൽ.എഫ്.എം.1260/95<br>തി:21.01.1995 | 15 | |
| 1991-92 | എൽ.എഫ്.എം.920/95<br>തി:26.04.1995 | 11 | |
| 1992-93 | എൽ.എഫ്.എം.1088/95<br>തി:01.08.1995 | 6 | |
| 1992-93,<br>94-95 | എൽ.എഫ്.എം.1299/97<br>തി:13.07.1998 | 16 | |
| 1996-97 | എൽ.എഫ്.എം.13/1183/98<br>തി:03.05.1999 | 30 | |
| 1997-98,<br>98-99,<br>99-2000 | എൽ.എഫ്.എം.7/1267/03<br>തി:20.03.2004 | 1 | |
| 2001-02 | എൽ.എഫ്.എം.8/1203/03<br>തി:23.03.2004 | 9 | |
| 2002-03 | എൽ.എഫ്.എം.8/502/08<br>തി:10.12.2008 | 11 | |
| 2003-04 | എൽ.എഫ്.എം.15/2297/08<br>തി:28.08.2009 | 6 | |
| 2004-05 | എൽ.എഫ്.എം.15/2297/08<br>തി:28.08.2009 | 9 | |
| 2005-06 | എൽ.എഫ്.എം.7/750/11<br>തി:14.01.2010 | 8 | |
| 2006-07 | എൽ.എഫ്.എം.15/1806/09<br>തി:15.01.2010 | 19 | |
| 2007-08 | എൽ.എഫ്.എം.7/1228/12<br>തി:16.11.2012 | 25 | |
| 2008-09 | എൽ.എഫ്.എം.7/1229/12<br>തി:16.11.2012 | 15 | |

| | | | |
|---|---|---|---|
| 2009-10 | എൽ.എഫ്.എം.7/2937/12<br>തി:17.01.2013 | 21 | |
| 2010-11 | എൽ.എഫ്.എം.7/1759/13<br>തി:19.11.2013 | 7 | |
| 2011-12, 12-13 | എൽ.എഫ്.എം.7/1759/13<br>തി:19.11.2013 | 12 | |
| 2013-14,14-15 | എൽ.എഫ്.എം.7/1625/16<br>തി:14.07.2016 | 14 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എം.എ.

## <u>അനുബന്ധം-1</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

കെ എസ് എ എം പി എം.7/3016/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

തീയതി.17-12-2016

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ **കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2015-16** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2015-16** വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്
വകുപ്പ്

മലപ്പുറം

ANNEXURE-1

No. KSA/MPM7/3016/2016

Kerala State Audit Department

District Audit Office

Malappuram

E-mail: dompm.ksad@kerala.gov.in

Dated: 17-12-2016

Certified that I have Audited the Annual Financial Statement of Kuzhimanna Grama Panchayat in Malappuram District for the year Ended on 31.03.16 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the KeralaPanchayat Raj Act 1994, the rules there under and the guidlines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Kuzhimanna Grama Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT